ശ്രീ. എം. വി. രാഘവൻ : സർ, നമ്മുടെ മുഖ്യമന്ത്രി പറയുന്നു ബലാൽസംഗം നടന്നിട്ടില്ലായെന്ന്: ബലാൽസംഗം നടന്നുവെന്ന് പറയണമെങ്കിൽ ഈ ഗവൺമെൻറിന്റെ നിർവചനം—ബലാൽസംഗത്തെക്കുറിച്ച്—എന്താണ് ?

(മറുപടി പറഞ്ഞില്ല)

ശ്രീ. കെ. ടി. കുഞ്ഞിരാമൻ : കേരളത്തിൽ ഇന്നേവരെ അറിയപ്പെടാത്ത്ര പൈശാചികമായ രൂപത്തിൽ 22-ാം തീയതി തങ്കമണിയിൽവച്ച് ബലാൽസംഗം ചെയ്യപ്പെട്ട 6 സ്ത്രീകളും, പോലീസ് ഐ. ജി. അവിടെച്ചെന്നപ്പോഴും, അവിടത്തെ പള്ളിവികാരിയോടും അവർ പറഞ്ഞു, ഞങ്ങളും ബലാൽസംഗംചെയ്യപ്പെട്ടുവെന്ന്. ഈ വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കെ. കരുണാകരൻ : അന്വേഷണക്കോടതി മുമ്പാകെ അവർക്ക് പരാതി കൊടുക്കാം, അതിനെ സംബന്ധിച്ച് ഗവൺമെൻറ് എല്ലാ സൗകര്യവും ചെയ്യുന്നതാണ്.

വിമുക്തഭടൻമാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പരിശീലനം

* 278. [299] ശ്രീ. പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, നാലകത്ത് സൂപ്പി :
,, പി. സി. ജോർജ് :
,, ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടൻമാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പരിശീലനം നൽകാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിലേക്കായി പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഏതെല്ലാം കോഴ്സുകൾക്കാണ് ഈ വർഷം വിമുക്തഭടൻമാരെ തെരഞ്ഞെടുക്കുന്നത് ;

(ഡി) സൈനികസേവനത്തിൽ നിന്നും പിരിഞ്ഞതിനുശേഷം എത്ര വർഷംവരെ മാറു ജോലികൾക്ക് പോകാത്തവരെയാണ് ഈ കോഴ്സിൽ പ്രവേശിപ്പിക്കുന്നത് ;

(ഇ) ഈ വർഷം എവിടെയെല്ലാം വിമുക്തഭടൻമാർക്കുള്ള പരിശീലനകോഴ്സ് തുടങ്ങുന്നുണ്ട് ;

(എഫ്) ഈ പരിശീലന പരിപാടി നടപ്പിലാക്കുന്നത് ഏതു ഏജൻസി വഴിയാണ് ;

(ജി) ഈ പരിപാടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ), (ബി) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിമുക്തഭടൻമാരെ പരിശീലിപ്പിക്കുന്ന പദ്ധതി (പെക്സം) ഒരു പരീക്ഷണം എന്ന നിലയിൽ തിരുവനന്തപുരത്ത് തുടങ്ങാനുദ്ദേശിക്കുന്നു.

(സി) ടി. വി. റിപ്പയർ, വയർമെൻ, ഇലക്ട്രീഷ്യൻ, റെഫ്രിജറേറ്റർ, മെക്കാനിക്ക് ഗാർഹിക ഉപകരണങ്ങളുടെ റിപ്പെയർ എന്നീ കോഴ്സുകൾക്കും താൽപ്പര്യമുള്ള വിമുക്തഭടൻമാർ കൂടുതൽ ഉണ്ടെങ്കിൽ ആട്ടോറിക്ഷാഡ്രൈവിംഗ്, പൗൾട്രി ഫാമിംഗ് എന്നീ കോഴ്സുകൾക്കും ഈ വർഷം വിമുക്തഭടൻമാരെ തെരഞ്ഞെടുക്കുന്നുണ്ട്.

(ഡി) സൈനിക സേവനത്തിൽ നിന്നും പിരിഞ്ഞുവന്ന ശേഷം സ്വയം തൊഴിലോ വ്യവസായമോ നടത്താൻ ആഗ്രഹിക്കുന്ന 50 വയസ്സ് കഴിയാത്ത വിമുക്തഭടൻമാരെയാണ് പരിശീലനത്തിന് തെരഞ്ഞെടുക്കുന്നത്.

(ഇ) തിരുവനന്തപുരത്ത്–പരീക്ഷണമെന്ന നിലയിൽ മാത്രം.

(എഫ്) ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സൈനികക്ഷേമ ആഫീസർ കൺവീനറുമായിട്ടുള്ള ഒരു കമ്മിറ്റി വഴിയാണ് പരിശീലന പരിപാടി നടപ്പിലാക്കുന്നത്.

(ജി) സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വിമുക്തഭടൻമാരെ പരിശീലിപ്പിക്കുന്നതിനും കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി അനുസരിച്ച് (പെക്സം) സംസ്ഥാന സംയുക്ത ക്ഷേമനിധിയും കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള പുനരധിവാസ ഡയറക്ടർ ജനറലും തുല്യമായി 75 വിമുക്തഭടൻമാർക്ക് പരിശീലനം നൽകാനുള്ള ചെലവ് വഹിക്കുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ് : ഒരു പരീക്ഷണമെന്ന നിലയിൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ എത്ര പേരെ ചേർക്കാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. കരുണാകരൻ : 75 പേരെയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ് : പരിശീലനത്തിന് വരുന്ന ആളുകൾക്ക് പ്രത്യേകമായി സാമ്പത്തിക ആനുകൂല്യമോ സ്റ്റൈപ്പൻഡോ മറ്റോ—നൽകുന്നതിന് പ്രത്യേകം സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : 250 രൂപ വീതം മാസംതോറും സ്റ്റൈപ്പൻഡ് കൊടുക്കും.

നോൺപ്ലാൻ ഇനത്തിലുള്ള പഞ്ചായത്തു ഗ്രാന്റ്

*279. [300] ശ്രീ. എ. കെ. പത്മനാഭൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, ടി. കെ. അബ്ദു :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോൺപ്ലാൻ സ്കീമിൽപ്പെടുത്തി പഞ്ചായത്തുകൾക്ക് ഏതെല്ലാം ഇനങ്ങൾക്കാണ് ഇപ്പോൾ ഗ്രാന്റ് നൽകുന്നത് :

LIBRARY ARCHIVES Kerala Legislative Assembly